## ഇന്ത്യൻ നിർമ്മിത വിദേശമദ്യ നിർമ്മാണ യൂണിറ്റുകൾ

(307) ശ്രീ. പി.ജെ. ജോയി :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽവരുമ്പോൾ എത്ര ഇന്ത്യൻ നിർമ്മിത വിദേശമദ്യ യൂണിറ്റുകൾ സംസ്ഥാനത്തുണ്ടായിരുന്നു;

(ബി) ഇവയുടെ ഓരോന്നിന്റെയും പ്രതിവർഷ ഉൽപ്പാദനശേഷി എത്രവീതമായിരുന്നു; ഇവയുടെ ഉൽപ്പാദനം എത്ര വീതമായിരുന്നു;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ഇന്ത്യൻ നിർമ്മിത വിദേശമദ്യയൂണിറ്റുകൾ അനുവദിച്ചു;

(ഡി) ഇവ ഓരോന്നിന്റെയും ഉൽപ്പാദനശേഷി എത്ര വീതമാണ്;

(ഇ) ഈ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന എത്ര ഇന്ത്യൻ നിർമ്മിത വിദേശമദ്യ യൂണിറ്റുകളുടെ ഉൽപ്പാദനശേഷി വർധിപ്പിക്കുവാൻ അനുമതി നൽകി;

(എഫ്) ഇപ്രകാരം അനുമതി നൽകിയ ഓരോ വിദേശ മദ്യനിർമ്മാണ യൂണിറ്റുകളുടെയും ഉൽപ്പാദനശേഷി എത്രയായി ഉയർന്നു;

(ജി) ഈ കാലഘട്ടത്തിൽ എത്ര ബ്ളെൻഡിംഗ് ആന്റ് ബോട്ട്ലിംഗ് യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി നൽകി;

(എച്ച്) ഇവയുടെ ഓരോന്നിന്റെയും ഉല്പാദനശേഷി എത്രവീതമാണ്;

(ഐ) ഇപ്പോൾ സംസ്ഥാനത്തുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യ നിർമ്മാണ യൂണിറ്റുകളുടെയും ബ്ളെന്റിംഗ് ബോട്ട്ലിംഗ് യൂണിറ്റുകളുടെയും ഒട്ടാകെ ഉൽപാദനശേഷി എത്രയാണ്?

ഉത്തരം

(എ) 15 എണ്ണം.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നാല് യൂണിറ്റുകൾ അനുവദിച്ചു.

(ഡി&എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) 4 എണ്ണം.

(എച്ച്&ഐ) വിവരം ശേഖരിച്ചുവരുന്നു.

## പുതിയ ബാർ ഹോട്ടലുകൾ

(309) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. വി ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്;

(ബി) ആർക്കെല്ലാമാണ് ഇപ്രകാരം ലൈസൻസ് നൽകിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര സ്റ്റാർ ഹോട്ടലുകൾ, ഹെരിറ്റേജ് ഹോട്ടലുകൾ ടൂറിസം വികസനാർത്ഥമുള്ള ഹോട്ടലുകൾ എന്നിവയ്ക്ക് ഈ കാലഘട്ടത്തിൽ ബാർ ലൈസൻസുകൾ നൽകിയെന്ന് അറിയിക്കുമോ;

(ഡി) ഈ കാലഘട്ടത്തിൽ എത്ര ബിയർ പാർലറുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പുതുക്കിക്കൊടുത്തിട്ടുള്ള ബാർ ലൈസൻസുകൾ

**(310)** ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലഹരണപ്പെട്ട എത്ര ബാർ ലൈസൻസുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പുതുക്കിക്കൊടുത്തിട്ടുണ്ട്;

(ബി) എവിടെയെല്ലാം; ആർക്കെല്ലാമാണ് ഇപ്രകാരം പുതുക്കിക്കൊടുത്തത്;

(സി) ബാർ ലൈസൻസി മരിച്ചശേഷം കാലഹരണപ്പെട്ട എത്ര ബാർ ലൈസൻസുകൾ ഈ കാലയളവിൽ പുതുക്കിക്കൊടുത്തു;

(ഡി) എവിടെയെല്ലാം ആർക്കെല്ലാമാണ് ഇപ്രകാരം ലൈസൻസുകൾ പുതുക്കിക്കൊടുത്തത്;

(ഇ) ഈ കാലഘട്ടത്തിൽ എത്ര ബാർ ഹോട്ടലുകൾ സ്ഥലം മാറ്റി സ്ഥാപിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്;

(എഫ്) ആർക്കെല്ലാം എവിടെനിന്ന് എങ്ങോട്ട് ബാർ ഹോട്ടൽ മാറ്റുവാനാണ് അനുവാദം നൽകിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചുവരുന്നു.

## വ്യാജമദ്യ ദുരന്തങ്ങൾ

**(311)** ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാം വ്യാജമദ്യ ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർക്ക് ജീവഹാനിയും എത്ര പേർക്ക് അംഗവൈകല്യവും ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly